**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഗ്രാമ വികസന വകുപ്പിലെ ഉദ്യോഗസ്ഥരുടെ വർക്കിംഗ് അറേഞ്ച്മെന്റിലുള്ള നിയമനം - ഗ്രാമവികസന കമ്മീഷണറുടെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം. 1147/2018/തസ്വഭവ** **തിരുവനന്തപുരം, തീയതി, 21.04.2018.**

---

പരാമർശം: 1) 01.03.2018-ലെ ഗ്രാമവികസന കമ്മീഷണറുടെ 3647/എസ്റ്റാ.എ1/2018/സിആർഡി നമ്പർ നടപടിക്രമം.

2) 06.03.2018-ലെ ഗ്രാമവികസന കമ്മീഷണറുടെ 3647/എസ്റ്റാ.എ1/2018/സിആർഡി നമ്പർ നടപടിക്രമം.

3) 07.03.2018, 12.04.2018 തീയതികളിലെ ഗ്രാമവികസന കമ്മീഷണറുടെ 3647/എസ്റ്റാ.എ1/2018/ സിആർഡി നമ്പർ കത്തുകൾ.

**ഉത്തരവ്**

പരാമർശം (1) പ്രകാരം ഗ്രാമ വികസന കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണറായിരുന്ന ശ്രീ.രാജീവ്.വി.ആർ-നെ പൊതു സർവീസ് രൂപീകരണത്തിൽ പ്രിൻസിപ്പൽ ഡയറക്ടറെ സഹായിക്കുന്നതിനായി വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിരുന്നു. ടിയാൾക്ക് പകരമായി, പരാമർശം (2) പ്രകാരം, ഗ്രാമ വികസന കമ്മീഷണറേറ്റിലെ എച്ച് & റ്റി സെക്ഷനിലേക്ക്, ആലപ്പുഴ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (പിഎം) ആയ ശ്രീ.ഷിൻസ്.ഡി-യെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിരുന്നു. മേൽ നടപടികൾക്ക് സാധൂകരണം നല്കണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമ വികസന കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണറായിരുന്ന ശ്രീ.രാജീവ്.വി.ആർ-നെ പൊതു സർവീസ് രൂപീകരണത്തിൽ പ്രിൻസിപ്പൽ ഡയറക്ടറെ സഹായിക്കുന്നതിനായി നിയമിച്ച ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (1) നടപടിക്രമത്തിനും,, പകരമായി, ഗ്രാമ വികസന കമ്മീഷണറേറ്റിലെ എച്ച് & റ്റി സെക്ഷനിലേക്ക്, ആലപ്പുഴ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (പിഎം) ആയ ശ്രീ.ഷിൻസ്.ഡി-യെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ച ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (2) നടപടിക്രമത്തിനും, സാധൂകരണം നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ജയശ്രീ എം.**

**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ബന്ധപ്പെട്ട വ്യക്തികൾക്ക്. (ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.

ജില്ലാ കളക്ടർ, ആലപ്പുഴ

ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ